ഉത്തരം

(എ & ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിവരുന്ന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ റോഡിന്റെ പണി ടെണ്ടർ ചെയ്യുന്നതിനുള്ള പ്രീ ക്വാളിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.

ഇടുക്കി ജില്ലയിലെ ചെപ്പുകുളം-മുലേക്കാട് റോഡ്

60 (4339) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ചെപ്പുകുളം-മുലേക്കാട് റോഡ് എന്നാണ് ടെണ്ടർ ചെയ്തത് ; അടങ്കൽ തുക എത്ര ; പണി തടസ്സപ്പെടുവാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ;

(ബി) പണി ടെണ്ടർ ചെയ്യാൻ തീരുമാനിച്ചപ്പോൾ വനം വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നുവോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പണി എന്ന് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ചെപ്പുകുളം മുലേക്കാട് റോഡിന്റെ പണി രണ്ടു വർഷങ്ങൾക്കു മുമ്പ് ടെണ്ടർ ചെയ്തിരുന്നെങ്കിലും പ്രതികരണമില്ലാതിരുന്നതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

ഇടുക്കി ജില്ലയിലെ പന്നിമറ്റം-കുളമാവ് റോഡിന്റെ പണി സ്തംഭിക്കുവാനുള്ള കാരണം

61(4341) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ പന്നിമറ്റം-കുളമാവ് റോഡിന്റെ പണി സ്തംഭിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണി എന്ന് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) അടങ്കൽ തുക എത്രയായിരുന്നു എന്നും ഇതുവരെ എത്ര തുക കരാറുകാരന് നൽകിയിട്ടുണ്ട് എന്നും വെളിപ്പെടുത്താമോ ;

(ഡി) റോഡ് ടെണ്ടർ ചെയ്തത് എന്നായിരുന്നു ; റോഡ് ടെണ്ടർ ചെയ്യുന്നതിന് മുമ്പ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും അനുമതി വാങ്ങിയിരുന്നോ ; വിശദ വിവരം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വനം വകുപ്പിന്റെ സ്റ്റേ ഉത്തരവുള്ളതുകൊണ്ടാണ് പണി സ്തംഭിച്ചിരിക്കുന്നത്. വനം വകുപ്പിന്റെ പിരിധിയിൽ വരാത്ത ഭാഗത്തെ പണികൾ നടക്കുന്നുണ്ട്.

(സി) കരാർ അടങ്കൽ തുക 4,06,15,862 രൂപയാണ്. കരാറുകാരന് പണി തീർത്ത വകയിൽ 2,06,65,210 രൂപ നൽകിയിട്ടുണ്ട്.

(ഡി) 23-02-2001 -ൽ പണി ടെണ്ടർ ചെയ്തു. ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശമായ പന്നിമറ്റത്തുനിന്നും കളമാവിലേക്ക് നിലവിലുള്ള റോഡിന്റെ പുനരുദ്ധാരണ ജോലികളാണ് ഏറ്റെടുത്തിരുന്നത്. അതിന് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സമ്മതപത്രം ലഭിച്ചിരുന്നതിനാൽ വനം വകുപ്പിന്റെയും ഇലക്ട്രിസ്റ്റി ബോർഡിന്റെയും അനുമതി തേടിയിരുന്നില്ല.

ജംഗ്ഷനുകളിൽ സ്ഥലസൂചികകൾ സ്ഥാപിക്കാൻ നടപടി

62(4342) ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ പാതകളിലും സ്റ്റേറ്റ് ഹൈവേകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥലസൂചികകൾ സ്ഥാപിക്കുന്നതിന് പൂർണ്ണമായും നടപ്പാക്കിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സർക്കാരിന് വരുമാനം ലഭിക്കുന്ന തരത്തിലും യാത്രക്കാർക്ക് ഉപയോഗപ്രദമാകുന്ന രീതിയിലും സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥലസൂചികകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & ബി) ബി.ഒ.ടി. വ്യവസ്ഥ പ്രകാരം ഏതാനും സ്ഥല സൂചികകൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സർക്കാരിന് വരുമാനം ലഭിക്കുന്ന തരത്തിലും യാത്രക്കാർക്ക് ഉപയോഗപ്രദമാകുന്ന രീതിയിലും സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥല സൂചികകൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

ഇടുക്കി ജില്ലയിലെ ചെമ്പകപ്പാറ, മേലേചിന്നാർ റോഡ്

63 (4343) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ചെമ്പകപ്പാറ, മേലേചിന്നാർ റോഡ് എന്നാണ് ടെണ്ടർ ചെയ്തത് എന്നും അടങ്കൽ തുക എത്രയാണ് എന്നും ആരാണ് കരാറുകാരൻ എന്നും എത്ര ശതമാനം പണി പൂർത്തിയാക്കി എന്നും ബാക്കി പണി എന്ന് തീർക്കുമെന്നും വ്യക്തമാക്കുമോ :

(ബി) കാലാവധി എന്നാണ് എന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly